Website

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

എ8/3858/15.

KSHB Building, Santhi Nagar,
തിരുവനന്തപുരം-695 001,
തീയതി: 20.06.2015.

**<u>സർക്കുലർ</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം -ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ വേതന വർദ്ധനവ് - സംബന്ധിച്ച്.

സൂചന:- 1) സ.ഉ (എം.എസ്) 162/2014/തൊഴിൽ നമ്പരായ 27.12.2014 ലെ ഉത്തരവ്.
2) സർക്കാരിൽ നിന്നുള്ള 25.05.2015 ലെ 5564/സി1/15/തൊഴിൽ നമ്പരായ കത്ത്.
3) ജി.ഒ(എം.എസ്) 20/2011/തൊഴിൽ തീയതി, 5.2.2011.

---

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ കളിൽ നിയമിക്കപ്പെടുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ മാസവേതനം മണിക്കൂറിന് 140/- രൂപ നിരക്കിൽ പരമാവധി 14,000/- രൂപയായി നിശ്ചയിച്ച് സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വകുപ്പിലെ എല്ലാ വിഭാഗം (എംപ്ലോയബിലിറ്റി സ്കിൽ, സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്) കോസ്മെറ്റോളജി വിഷയത്തിലെ ഉൾപ്പെടെ) ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെയും മാസവേതനം മണിക്കൂർ അടിസ്ഥാനത്തിൽ കണക്കാക്കാതെ പ്രതിമാസം 14000/- രൂപ ആയി നിജപ്പെടുത്തി നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി (1) ഉത്തരവിൽ മാറ്റം വരുത്താവുന്നതല്ല എന്ന് നിർദ്ദേശിച്ചു കൊണ്ട് സൂചന (2) മുഖേന സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിനാൽ 27.12.2014 മുതൽ സൂചന (1) ഉത്തരവ് പ്രകാരം എല്ലാ വിഭാഗം ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെയും വേതനം മണിക്കൂറിന് 140/- രൂപ നിരക്കിൽ പരമാവധി 14000/- രൂപ അനുവദിച്ച് നൽകാവുന്നതാണ്.

ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ പ്രതിഫലം വർദ്ധിപ്പിച്ചുകൊണ്ടുള്ള 3.11.2010 ലെ സ.ഉ(എം.എസ്) 127/2010/തൊഴിൽ നമ്പരായ ഉത്തരവിൽ വകുപ്പിന് കീഴിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ട്രെയിഡിൽ നിയമിക്കുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ വേതനം 10000/- രൂപയായി നിശ്ചയിച്ചിരുന്നു. എന്നാൽ 05.02.2011 സ.ഉ (എം.എസ്) 20/2011/തൊഴിൽ നമ്പരായ ഉത്തരവ് പ്രകാരം സോഷ്യൽ

സ്റ്റഡീസ്/ എംപ്ലോയബിലിറ്റി സ്കിൽ, സ്റ്റെനോഗ്രാഫി ട്രേഡിലെ (ഇംഗ്ലീഷ്) കോഗൈറ്റ് വിഷയത്തിലുമുള്ള പാർട്ട് ടൈം ഫാക്കൽറ്റികൾക്ക് മണിക്കൂറിന് 150/- രൂപ നിരക്കിൽ പരമാവധി 10,000/- രൂപയായി നിശ്ചയിച്ച് നൽകുവാൻ ഉത്തരവായിരുന്നു. എന്നാൽ പല സ്ഥാപനങ്ങളിലും മണിക്കൂർ കണക്കെടുക്കാതെ 10,000/- രൂപ അല്ലെങ്കിൽ 14000/- രൂപ വീതം പ്രതിമാസം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ എല്ലാ സ്ഥാപനമേധാവികളും ടി വിഷയത്തിലെ ഫാക്കറ്റികൾക്ക് ഈ വിധം നൽകിയിട്ടുള്ള തുക മണിക്കൂർ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതും, അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ഉടൻ തിരിച്ചു അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, വിവരം ഈ ഓഫീസിലെ ആഡിറ്റ് സെക്ഷനിൽ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

www.detkerala.org

പകർപ്പ്:- 1) എല്ലാ സ്ഥാപനമേധാവികൾക്കും
2) ഡി.റ്റി/എ.ഡി.റ്റി/ജെ.ഡി.റ്റി എന്നിവരുടെ പി.എ മാർ
3) സ്റ്റോക്ക് ഫയൽ (എ8)
4) എല്ലാ വിഭാഗം ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്കും (27.12.2014 മുതൽ വേതനം മണിക്കൂറിൽ 140/- രൂപ നിരക്കിൽ പ്രതിമാസം 14000/- രൂപയാക്കി നിശ്ചയിച്ചിട്ടുണ്ട്) (സൂചന (1) ഉത്തരവ്)

R 24 6 15